പുന്നൂർ പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് നടപടി

110 [1049] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ പുന്നൂർ പുഴയ്ക്ക് കുറുകെയായി പടനിലം പാലത്തിന് താഴെയും ഉണ്ടോടിക്കടവുപാലത്തിന് താഴെയും താളിക്കുണ്ട്, പാറക്കടവ് എന്നീ ഭാഗങ്ങളിൽ തടയണ നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ തടയണ നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഇവിടങ്ങളിൽ എന്നത്തേക്ക് തടയണ നിർമ്മിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) വിശദമായ പഠനത്തിന് ശേഷം തടയണ നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികൾ

111 [1050] *ശ്രീ. ഉമേഷ് ചള്ളിയിൽ:*

,, *കെ. കെ. ഷാജു:*

,, *എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അടുത്ത ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്ന ജലവിതരണ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 128 പദ്ധതികളും ജലനിധി പദ്ധതിപ്രകാരം 2005-2006 സാമ്പത്തിക വർഷത്തിൽ 500 പദ്ധതികളും കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly